"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്– ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യം ദുരുപയോഗം ചെയ്യുന്നത് തടയുന്നതു സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.5186/2018/പൊ.വി.വ തീയതി,തിരുവനന്തപുരം, 07/12/2018

പരാമർശം:– 1 15.05.2018ലെ സർക്കാർ ഉത്തരവ് (കൈ) നം.63/2018/പൊവിവ

2 16.11.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം.4785/2018/പൊവിവ

3 പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ 28.09.2018 ൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്

4 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.10.2018 ലെ ഐ ഇ ഡി/34992/18/ഡി പി ഐ നമ്പർ കത്ത്

ഉത്തരവ്

ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി പരാമർശം (1), (2) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. അതിൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തത വരുത്തണമെന്ന് പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് ഉത്തരവാകുന്നു.

1) 2020, 2021 മാർച്ചിൽ SSLC പരീക്ഷ എഴുതേണ്ട ഇപ്പോൾ 9 ,8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനവൈകല്യം തിരിച്ചറിയുന്നതിനുള്ള നടപടികൾ 31.03.2019 നകം ക്ലാസ്സധ്യാപകർ ബി.ആർ.സി/ യു.ആർ.സി സഹായത്തോടെ പൂർത്തിയാക്കേണ്ടതാണ്. തുടർന്ന് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനവൈകല്യ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സർക്കാർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നല്കുന്ന IQ അസസ്സ്മെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സൈക്യാട്രിസ്റ്റിൽ നിന്നും 30.06.2019 നകം ലഭ്യമാക്കേണ്ടതാണ്.

2) 3 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനവൈകല്യം തിരിച്ചറിയുന്നതിനുള്ള നടപടികൾ ക്ലാസ്സധ്യാപകരും ബി.ആർ.സി/യു.ആർ.സി കളും ചേർന്ന് ഈ അക്കാദമിക വർഷം തന്നെ ആരംഭിക്കേണ്ടതും 2019–20 ഒന്നാം പാദ വാർഷിക പരീക്ഷക്ക് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
സാമൂഹ്യനീതി വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പ്ര.നം. 34992/18/ഡി.പി.ഐ.തി. 15.12.18.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർ നടപടിക്കുമായി അയച്ചുതരുന്നു.

പൊ.വിദ്യ. ഡയറക്ടർക്കുവേണ്ടി.
21/01/19.
18/12/18

എല്ലാ. ഡി.ഡി.ഇ/ഡി.ഇ.ഒ./എ.ഇ.ഒ മാർക്കും.

17.12.2018